# മെത്രാപ്പോലീത്തായുടെ കത്ത്



(ജനുവരി 2016)

**കർത്താവിൽ പ്രിയരേ,**

2015 നോടു നാം വിടപറയുന്നു. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ അനേകം സംഭവവികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു സംവൽസരമാണ് നാം പിന്നിടുന്നത്. സുഖദുഃഖ സമ്മിശ്രമായ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴും മാറ്റമില്ലാത്ത ദൈവത്തിന്റെ കൃപയും സാന്നിധ്യവും അനുഗ്രഹങ്ങളും ധാരാളമായി അനുഭവിപ്പാൻ നമുക്കു സാധിച്ചതോർത്ത് ദൈവത്തെ സ്തുതിക്കാം. ഈ കാലഘട്ടത്തിന്റെ ഒരു പ്രധാന പ്രത്യേകത നാം അഭിമുഖീകരിക്കുന്ന പല ദുരന്തങ്ങളുടെയും പിന്നിലുള്ള കരങ്ങൾ മനുഷ്യന്റേതു തന്നെയാണെന്നുള്ളതാണ്. പശ്ചിമേഷ്യയിലും ഉത്തരാഫ്രിക്കയിലും അമേരിക്കൻ ഐക്യനാടുകളിലും പാരീസിലും വെറുപ്പിന്റെയും ക്രൂരതയുടെയും കരാളഹസ്തങ്ങൾ നീട്ടപ്പെട്ടപ്പോൾ കൊല്ലപ്പെട്ട ജീവിതങ്ങളുടെ നിണമണിഞ്ഞ ഓർമ്മകളുമായിട്ടാണ് 2015 നോടു നാം വിട പറയുന്നത് എന്നതൊരു ദുഃഖസത്യമാണ്. ലോകത്തിലങ്ങോളമിങ്ങോളം വെറുപ്പു വിതച്ച് നാശം കൊയ്യുവാൻ ഒരുങ്ങിപുറപ്പെട്ടിരിക്കുന്നവർ ഇന്നു മനുഷ്യന് മനുഷ്യനെ തിരിച്ചറിയാൻ പാടില്ലാത്തവിധം അശാന്തിയുടെ പുകപടലങ്ങൾ അന്തരീക്ഷമെങ്ങും പടർത്തുകയാണ്. ഭീകര പ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചതിന്റെ ഫലമായി അനേകം കുഞ്ഞുങ്ങൾ സംഘർഷബാധിത പ്രദേശങ്ങളിലും യുദ്ധഭൂമിയിലും വീണു മരിക്കുമ്പോൾ അവരുടെയെല്ലാം ജീവിതത്തിലൂടെ സമൂഹത്തിനു ലഭ്യമാകേണ്ട അനുഗ്രഹ സാധ്യതകളാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. ഇടം നഷ്ടപ്പെട്ട്, പുതിയ ഇടം തേടി കടൽമാർഗം പലായനം ചെയ്യുന്നവർ കടലിലും കരമാർഗം പലായനം ചെയ്യുന്നവർ കരയിലും വീണു പൊലിയുന്നത് ലോകമനഃസാക്ഷിയെ നടുക്കിയ സംഭവങ്ങളാണ്. ദൈവം തന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ച്, ഒരേ ശ്വാസബന്ധത്തിൽ ജീവൻ നൽകി, തേജസും ബഹുമാനവും അണിയിച്ച് സൃഷ്ടിയുടെ പരിരക്ഷയും പരിപോഷണവും ഉത്തരവാദിത്തമായി നൽകി മനുഷ്യനെ ഭരമേൽപിച്ചുവെങ്കിലും ലഭിച്ച ഉത്തരവാദിത്വവും സ്വാതന്ത്ര്യവും പദവിയും ദുരുപയോഗം ചെയ്ത് ദൈവഹിതത്തിന് വിരുദ്ധമായി സ്വന്തം മോഹങ്ങളുടെ മായാവലയത്തിൽ അകപ്പെട്ട് ദൈവഹിതത്തിന്റെ ഭ്രമണ പഥങ്ങളിൽ നിന്നും മനുഷ്യൻ അന്യപ്പെട്ടുപോയപ്പോൾ സൃഷ്ടിയെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണം എന്ന നിലയിലാണ് ക്രിസ്മസിനെ നാം കാണേണ്ടത്. 2015 ലെ ക്രിസ്മസ് കടന്നുപോയി. നാം എങ്ങനെയാണ് ക്രിസ്മസിനെ ഉൾക്കൊണ്ടത്? ഗൗരവമായി നാം ചിന്തിക്കണം. യേശുക്കുഞ്ഞിന്റെ ജനനമെന്ന സുവാർത്ത ആട്ടിടയന്മാരോടു മാലാഖമാർ പാടി അറിയിച്ചത് ഇങ്ങനെയാണ്.

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം,
ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം"

രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ഒരു ഫ്രഞ്ചു ചിന്തകൻ മാലാഖമാരുടെ സന്ദേശത്തിൽ ഒരു മാറ്റം വരുത്തി തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചത് ഇപ്രകാരമാണ്.

"അത്യുന്നതങ്ങളിൽ മനുഷ്യനു മഹത്വം,
ഭൂമിയിൽ മനുഷ്യപ്രസാദമുള്ള മനുഷ്യർക്കു സമാധാനം"

ദൈവത്തിനു കൊടുക്കേണ്ട മഹത്വം സൃഷ്ടിയ്ക്കു കൊടുക്കുമ്പോൾ 'സ്വയ'ത്തെയാണ് നാം പുകഴ്ത്തുന്നത് എന്നു തിരിച്ചറിയണം. ദൈവപ്രസാദത്തിനു പകരം മനുഷ്യന്റെ പ്രീതിക്കുവേണ്ടി ഓടിനടക്കുമ്പോൾ 'സമാധാനം' എന്നത് നമ്മിൽ നിന്നും ഓടിയകലും, ഇതാണ് ഇന്നത്തെ സമാധാനമില്ലായ്മയുടെ അടിസ്ഥാന കാരണം. ഇതു തിരിച്ചറിഞ്ഞ് ദൈവത്തിന് മഹത്വം കരേറ്റുന്ന ദൈവപ്രസാദമുള്ള മനുഷ്യരായിത്തീരുവാനുള്ള പ്രതിജ്ഞാബദ്ധതയോടുകൂടി പുതുവത്സരത്തിലേക്കു പ്രവേശിപ്പാൻ ദൈവകൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

ഇന്ത്യയുടെ രാഷ്ട്രീയ കാലാവസ്ഥ നിരന്തരം മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. പല സംസ്ഥാനങ്ങളിലും നിയമസഭാതിരഞ്ഞെടുപ്പുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും നടന്നു കഴിഞ്ഞു. ഓരോ തിരഞ്ഞെടുപ്പിലൂടെയും പൊതുജനം രാഷ്ട്രീയത്തിനതീതമായ താക്കീതുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ കെട്ടുറപ്പിനാധാരം ഇന്ത്യയുടെ സുശക്തമായ ഭരണഘടന മാത്രമല്ല, ഇന്ത്യൻ ജനതയുടെ തക്കസമയത്തു തക്ക താക്കീതുകൾ നൽകുവാനുള്ള ഈ കഴിവു കൂടിയാണ്. നമ്മുടെ കേരള സംസ്ഥാനവും ഏതാനും മാസങ്ങൾക്കു ശേഷം ഒരു നിയമസഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിപ്പാൻ പോകുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തെ മുൻനിർത്തിയായിരിക്കണം നാം വിധിയെഴുതേണ്ടത്. സങ്കുചിതമായ ചിന്താഗതികൾ വെടിഞ്ഞ് സമൂഹനന്മയെ ലാക്കാക്കി പ്രവർത്തിക്കുന്നവർ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകണം. സ്വൈര്യ ജീവിതം ഏതൊരു സമൂഹത്തിന്റെയും സ്വപ്നമാണ്. ഏതു രാഷ്ട്രീയ പാർട്ടിയിലോ മതത്തിലോ വിശ്വസിക്കുന്നവരായാലും സമാധാനത്തിലും സുരക്ഷിതത്തിലും ജീവിക്കാനുള്ള സാഹചര്യം ഇവിടെ ഉണ്ടാകണം. ശരിയായ വികസനദർശനമുള്ളവരും മൂല്യബോധമുള്ളവരുമായവരെ മനഃസാക്ഷിക്കനുസരിച്ച് തിരഞ്ഞെടുക്കുവാൻ തക്കവണ്ണം സമ്മതിദാനാവകാശം വിനിയോഗിക്കുവാൻ ഏവർക്കും കഴിയണമെന്നു ഓർമ്മിപ്പിക്കട്ടെ. മുൻഗണനാക്രമങ്ങൾ മാറിപ്പോകുന്നത് സമൂഹമിന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. മനുഷ്യജീവനു വിലകൽപിക്കുന്നതിലുപരിയായി തെരുവുനായ്ക്കളുടെ സംരക്ഷണത്തിനു മുറവിളി കൂട്ടുന്നവർ പേവിഷബാധയ്ക്കെതിരായുള്ള മരുന്നുൽപാദിപ്പിക്കുന്ന കമ്പനികളോടുള്ള ആഭിമുഖ്യംകൊണ്ടാണോ അങ്ങനെ നിലപാടുകൾ സ്വീകരിക്കുന്നത് എന്നുപോലും സംശയിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം അനുദിനം കുതിച്ചു കയറുന്ന സാഹചര്യം സാധാരണക്കാരെ കൂടുതൽ കൂടുതൽ ദുരിതക്കയങ്ങളിലാഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും സംസ്ഥാനത്ത് എന്തെങ്കിലും ഒരു വിഷയമുണ്ടായാൽ അതിന്റെ പേരിൽ പോലും ഇവിടെ വിലക്കയറ്റം സൃഷ്ടിക്കുന്നതിനു പിന്നിൽ പൂഴ്ത്തിവെയ്പുകാരുടെ കരങ്ങളുമുണ്ടോ എന്ന സംശയവും അസ്ഥാനത്തല്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉചിതമായ നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്.

തമിഴ്നാട്ടിൽ അടുത്ത കാലത്തുണ്ടായ തുടർമഴമൂലം ദുരിതത്തിലായ പലർക്കും വീടുകൾ പോലും നഷ്ടപ്പെട്ട അവസ്ഥയിലായിത്തീർന്നിരിക്കുകയാണ്. അവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ മാർത്തോമ്മാ സഭയുടെ പങ്ക്

നിർവഹിക്കുന്നതിനായുള്ള ധനസമാഹരണത്തിനായുള്ള മെത്രാപ്പോലീത്തായുടെ കൽപന എല്ലാ പള്ളികൾക്കും അയച്ചു നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദാരമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. തമിഴ്നാട്ടിലെ ജനങ്ങളുടെ ജീവിതപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കേണ്ടത് സഭയുടെ ധർമ്മമാണ് എന്നു നാം തിരിച്ചറിയണം. മുല്ലപ്പെരിയാറിന്റെ ഷട്ടറുകൾ തുറന്ന് വെള്ളം മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടതിന്റെ ഫലമായി ആ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിട്ട സാഹചര്യം വേദനാജനകമായിരുന്നു എന്നത് ഒരു വസ്തുത തന്നെയാണ്. എന്നാൽ മഴക്കെടുതികളിൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസവും ഭവനരഹിതരായിത്തീർന്നവർക്ക് ഭവനവും നൽകി അവരെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനം ക്രിസ്തീയ സാഹോദര്യത്തിന്റെ ഒരു മാതൃകയായി എല്ലാവരും സ്വീകരിക്കേണ്ടുന്നതാണ്. 2015 ഡിസംബർ 27-ാം തീയതിയിലെയോ അല്ലായെങ്കിൽ തുടർന്നുവരുന്ന സൗകര്യപ്രദമായ ഏതെങ്കിലും ഒരു ഞായറാഴ്ചയിലെ സ്തോത്ര കാഴ്ചയോ, പ്രസ്തുത ആവശ്യത്തിനായി ശേഖരിച്ച് എത്രയും വേഗം സഭാ സെക്രട്ടറി, സഭാ ഓഫീസ്, തിരുവല്ല - 1 എന്ന വിലാസത്തിലേക്ക് അയച്ചുകൊടുക്കണമെന്നാണ് പ്രസ്തുത കൽപനയിൽ നിർദ്ദേശിച്ചിരിക്കുന്നത്. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയാം. ദൈവം നൽകിയ നന്മകളെ നമുക്ക് നന്ദിപൂർവം അനുസ്മരിക്കാം. ആവശ്യത്തിലിരിക്കുന്നവരുടെ ആവശ്യങ്ങളിൽ സഹകരിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ അടയാളങ്ങളായി നമുക്കു മാറാം. ദൈവത്തിന്റെ മനുഷ്യമുഖം നമ്മിലും ദുരിതങ്ങൾ അനുഭവിക്കുന്നവരുടെ മുഖങ്ങളിലും പ്രകാശിതമാകുവാൻ ക്രിസ്തുവിലൂടെ ദൈവത്തിന്റെ മുഖം വെളിപ്പെട്ട ക്രിസ്മസിനെ നാം ധ്യാനിച്ച് പുതുവൽസരത്തിലേക്ക് പദമൂന്നുന്ന ഈ നാളുകളിൽ നമ്മൾ ഏറ്റെടുത്തിരിക്കുന്ന ഈ ദൗത്യം മുഖാന്തരമായിത്തീരട്ടെ എന്ന് ആഗ്രഹിക്കുന്നു.

പുതുവൽസരത്തിലേക്ക് പ്രവേശിക്കുമ്പോൾ കൺവൻഷനുകളുടെ ഒരു കാലഘട്ടത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. അനുതാപത്തിലേക്ക്, മാനസാന്തരത്തിലേക്ക്, രൂപാന്തരത്തിലേക്ക് നമ്മെ നയിക്കുന്നതാകണം കൺവൻഷനുകൾ. നിർമ്മലമായ സുവിശേഷമാണ് വചനപ്രഘോഷണത്തിലൂടെ പ്രഘോഷിക്കപ്പെടേണ്ടത്. ഇന്ന് പലയിടങ്ങളിലും 'സമൃദ്ധിയുടെ സുവിശേഷം' പ്രഘോഷിക്കുവാനാണ് പലരും താൽപര്യപ്പെടുന്നത്. 'നിങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്" എന്നു പറഞ്ഞ കർത്താവ് ആ സമൃദ്ധിയായ ജീവൻ നമുക്കു നൽകുന്നത് കർത്താവിൽ വളരുന്നതിനും പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുമാണ്. അപ്പൊസ്തലനായ വിശുദ്ധ പൗലോസും വിശ്വാസവീരരും ആ സമൃദ്ധിയായ ജീവൻ പ്രാപിച്ച് ക്രിസ്തുവിൽ വളർന്നതും വിശുദ്ധിയുടെ പടവുകൾ കയറിയതും സഹനങ്ങളിലൂടെയാണ്. കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ച് ഫലം കായ്ക്കുന്നതുപോലെ ഏതനുഭവത്തിലും ക്രിസ്തുവിൽ വസിച്ച് ഫലം കായ്ക്കുവാനാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ഈ ആത്മീയ അനുഭവത്തിനായുള്ള പോഷകാഹാരമാണ് ദൈവത്തിന്റെ വചനം. ഈ വചനമാണ് പ്രഘോഷിക്കപ്പെടേണ്ടത് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ മാരാമൺ കൺവൻഷൻ 2016 ഫെബ്രുവരി 14 മുതൽ 21 വരെ നടക്കുകയാണ്. ലോകപ്രശസ്ത സുവിശേഷ പ്രസംഗകനും മാരാമൺ കൺവൻഷന്റെ ഒരു കാലഘട്ടത്തിലെ ആത്മീയ ജ്യോതിസുമായിരുന്ന ഡോ. സ്റ്റാൻലി ജോൺസിന്റെ നാമധേയത്തിലുള്ള സുവിശേഷ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനം അലങ്കരിക്കുന്ന ലയോനാഡ് സ്വീറ്റാണ് ഇപ്രാവശ്യത്തെ മാരാമൺ കൺവൻഷൻ പ്രസംഗകരിൽ ഒരാളായി വന്നു ചേരുന്നത്. സ്റ്റാൻലി ജോൺസിന്റെ കൊച്ചുമകൾ ആനിയും സന്ദർശകയായി വന്നു ചേരുന്നുണ്ട്. ശ്രീലങ്കയിൽ ജാഫ്നഡയോസിസിന്റെ ബിഷപ്പ് ദാനിയേൽ ത്യാഗരാജായും ഇന്ത്യയിലെ സുവിശേഷപ്രസംഗകരിൽ പ്രമുഖനായ ഫ്രാൻസിസ് സുന്ദർരാജും സിംഗപ്പൂരിലെ മെതഡിസ്റ്റ് സഭയുടെ മാൽക്കംടാനും വചനപ്രഘോഷകരായി എത്തിച്ചേരുന്നുണ്ട്. പ്രസംഗകരിലും കേൾവിക്കാരിലും പരിശുദ്ധാത്മാവിന്റെ നിറവ് ഉണ്ടാകേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

പുനലൂർ ബോയ്സ് ഹോമിലെ 7-ാം ക്ലാസ് വിദ്യാർത്ഥി ജിജു ബേബി (വി.ഒ.യു.പി.സ്കൂൾ, പുനലൂർ) ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മത്സരത്തിൽ സംസ്ഥാന പ്രവൃത്തിപരിചയമേളയിൽ 3-ാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കുകയുണ്ടായി. പുനലൂർ സബ്ജില്ലയിൽ 90 സ്കൂളുകളിൽ ജിജു ബേബിക്കു മാത്രമാണ് സംസ്ഥാന തലത്തിൽ സമ്മാനം ലഭിച്ചത്. 12 കുട്ടികൾക്ക് സബ്ജില്ലാ തലത്തിൽ 2ഉം 3ഉം സ്ഥാനങ്ങൾ ലഭിക്കുകയുണ്ടായി. വി.ഒ.യു.പി.സ്കൂളിൽ നിന്ന് 7-ാം ക്ലാസ് പഠനം പൂർത്തീകരിച്ച ഒരു കുട്ടിയുടെ ജിമ്നാസ്റ്റിക് പ്രകടനം നേരിൽ കാണുവാൻ ലഭിച്ച അവസരം അവിസ്മരണീയമായിരുന്നു. ശാസ്ത്രീയമായ പരിശീലനം ലഭിച്ച കായികതാരങ്ങളെ വെല്ലുന്ന വിധത്തിൽ അത്ഭുതകരമായ പ്രകടനദൃശ്യമാണ് ആ കുട്ടി കാഴ്ചവെച്ചത്. തൂക്കിയിട്ടിരിക്കുന്ന വളയത്തിലൂടെ കാലിറക്കി പാദത്തെ മലർത്തിപ്പിടിച്ച് ശരീരം മുഴുവൻ കമ്പിയിൽ തൂങ്ങിക്കിടക്കുന്ന വിധത്തിൽ വന്ന ശേഷം അങ്ങനെ കിടന്നുകൊണ്ട് ശരീരം വളച്ച് ആ കമ്പിയിലൂടെ ഇറങ്ങുന്നത് സർക്കസുകാരെപ്പോലും അത്ഭുതപ്പെടുത്തുന്ന പ്രകടനമാണ്. ഇത്തരത്തിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ധർമ്മമാണ്. വി.ഒ.യു.പി.സ്കൂളിൽ 7-ാം ക്ലാസ് വരെ മാത്രമെ പഠിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അടുത്തുള്ള മറ്റൊരു ഹൈസ്കൂളിലേക്ക് 8-ാം ക്ലാസ് തൊട്ടുള്ള പഠനത്തിനായി ആ കുട്ടിക്ക് പോകേണ്ടി വന്നത്. വി.ഒ.യു.പി.സ്കൂൾ ഹൈസ്കൂളാക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. സ്കൂളിന്റെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നിർവ്വഹിക്കുവാനും സാധിച്ചു.

നമ്മുടെ സഭയുടെ ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജിന്റെ പ്രിൻസിപ്പലായിരുന്ന പ്രൊഫസർ എം. ഐസക് സാറിന്റെ മകൻ ജേക്കബ് ഐസക് സാഹിത്യ രംഗത്ത് അന്താരാഷ്ട്ര തലത്തിൽ നിരവധി പുരസ്കാരങ്ങൾ അടുത്ത സമയത്ത് നേടുകയുണ്ടായി. പുരസ്കാരം നേടിയ അദ്ദേഹത്തിന്റെ ഒരു പുസ്തകം അടുത്ത സമയത്ത് പല വിദേശഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ട് ആദരിക്കപ്പെടുകയുണ്ടായി. സാഹിത്യരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ജേക്കബ് ഐസക്കിന് സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

പ്രധാനമന്ത്രിയുടെ കേരള സന്ദർശന വേളയിൽ എറണാകുളത്തു വച്ച് കാണുവാൻ താല്പര്യമുണ്ടെന്ന് അറിയിച്ചതിന്റെ വെളിച്ചത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് സമയം നിശ്ചയിച്ചതനുസരിച്ച് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയോടും ഓർത്തഡോക്സ് സഭയുടെ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായോടും ഒരുമിച്ച് എറണാകുളം വില്ലിങ്ടൺ ഐലന്റിലെ താജ് മലബാറിലെ ഹോട്ടലിൽ വച്ച് ഡിസംബർ 14-ാം തീയതി ഒരു സൗഹൃദ സന്ദർശനം നടന്നു. കണ്ടപ്പോൾ തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കുമ്പോൾ അഹമ്മദ്ബാദിൽ വച്ച് നടന്ന കൂടിക്കാഴ്ച അനുസ്മരിക്കുകയുണ്ടായി. ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന അസഹിഷ്ണുതയുടെ പ്രവണതകളെക്കുറിച്ചുള്ള സന്ദേഹം ഈ സന്ദർശനവേളയിൽ പങ്കു വച്ചു. അദ്ദേഹത്തിന്റെ വികസനപദ്ധതികളോടുള്ള സഭയുടെ ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു.

നമ്മുടെ കാനം സെന്റ് തോമസ് ഇടവകാംഗവും അമേരിക്കയിലെ പ്രസിദ്ധ ശാസ്ത്രജ്ഞനുമായ ഡോ. ജയൻ തോമസ് ഓസ്കാർ ഓഫ് ഇൻവൻഷൻസ് എന്നറിയപ്പെടുന്ന ആർ ആന്റ് ഡി മാഗസിൻ പുരസ്കാരത്തിന് അർഹനായി. പോയ വർഷം വാർത്ത സൃഷ്ടിച്ച 100 കണ്ടുപിടുത്തങ്ങളാണ് ഈ പുരസ്കാരത്തിന് അദ്ദേഹത്തെ അർഹനാക്കിയത്. വൈദ്യുതി ശേഖരിച്ചുവയ്ക്കാവുന്ന ചെമ്പു നാരുകൾ ഉപയോഗിച്ചുണ്ടാക്കുന്ന പ്രത്യേകം വസ്ത്രങ്ങൾ ധരി

ക്കുകയാണെങ്കിൽ വയർലെസായി നിമിഷങ്ങൾക്കുള്ളിൽ ഫോണും ക്യാമറായും ഒക്കെ ചാർജ്ജു ചെയ്യാവുന്ന സംവിധാനമാണ് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഒരു കണ്ടുപിടിത്തം. സെൻട്രൽ ഫ്ളോറിഡായിലെ ഫോട്ടോണിക്സ് ആന്റ് മെറ്റീരിയൽ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസാണ് ഡോ. ജയൻ തോമസ്. സഭയുടെ അഭിനന്ദനം അറിയിക്കുന്നു.

മാർത്തോമ്മാ സഭയുടെ ആനിമേഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ചരിത്രത്തിലാദ്യമായി തൽമേദ് (Teach the faith) ഓൺലൈൻ ക്വിസ് മൽസരം – 2016 സംഘടിപ്പിക്കുകയാണ്. ലോകമെങ്ങുമുള്ള എല്ലാ മാർത്തോമ്മാ സഭാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വേദപുസ്തകം (40%), സഭാചരിത്രം (30%), ആരാധനയും കൂദാശകളും (30%) എന്നീ അനുപാതത്തിലാണ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനിലൂടെ മാത്രമാണ് രജിസ്ട്രേഷൻ സൗകര്യം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് www.thalmed.com സന്ദർശിക്കുകയോ thalmed@marthoma.in ലേക്ക് ഈ–മെയിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

പരിസ്ഥിതി സംരക്ഷണത്തിനും ജൈവകൃഷിയ്ക്കും പ്രാധാന്യം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ മണ്ണും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനായി 2015 ലെ സഭാ പ്രതിനിധി മണ്ഡലം ജൈവകൃഷിയുടെ പ്രാധാന്യവും പരിസ്ഥിതി സംരക്ഷണവും ലാക്കാക്കി മാർത്തോമ്മാ സഭാ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന 'പച്ചപ്പിൽ ജീവന്റെ കൈയ്യൊപ്പ്' എന്ന പദ്ധതിയുടെ ഉദ്ഘാടനം 2015 ഡിസംബർ 15–ാം തീയതി ചൊവ്വാഴ്ച കുറ്റപ്പുഴ ജറുശലേം മാർത്തോമ്മാ പള്ളിയിൽ നടന്നു. അന്നേദിവസം രാവിലെ മുതൽ ആരംഭിച്ച എക്സിബിഷനും കർഷക സെമിനാറും പൊതുസമ്മേളനവും സംഘാടക മികവുകൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു.  ഈ പദ്ധതി ഭദ്രാസന, സെന്റർ, ഇടവക തലത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കണമെന്ന് അറിയിക്കുന്നു.

ക്രിസ്തുമസ് കേന്ദ്രീകരിച്ചുള്ള ധ്യാനങ്ങളാണ് നാം ഡിസംബർ മാസത്തിൽ പങ്കിട്ടത്. യോസഫും മറിയയും ഒരുമിച്ച് നിന്നാണ് ദൈവത്തിന്റെ രക്ഷാപദ്ധതിയായ യേശുവിനെ ഏറ്റുവാങ്ങിയത്. പരിശുദ്ധാത്മാവിൽ ഗർഭിണിയായ മറിയയെ ചേർത്തുകൊള്ളുവാൻ നീതിമാനായ യോസഫ് തയ്യാറായി. മറിയയ്ക്ക് ലോകാപവാദം വരുത്തുവാൻ താല്പര്യപ്പെടാതെ മറിയയെ ഗൂഢമായി ഉപേക്ഷിക്കുവാൻ ഭാവിച്ചിരിക്കുമ്പോഴാണ് ദൈവത്തിന്റെ കല്പന യോസേഫിന് ലഭിക്കുന്നതും മറിയയെ യോസഫ് സ്വീകരിക്കുന്നതും. ഇന്ന് അപവാദങ്ങളുടെ കാലമാണ്. സമൂഹത്തിൽ മാന്യതയും കുലീനതയും ഉള്ളവരെപ്പോലും യാതൊരു അടിസ്ഥാനവും ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് അപവാദങ്ങളിലൂടെ തളർത്തിക്കളയാനുള്ള ഗൂഢനീക്കങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ യോസഫിന്റെ മാതൃക അപവാദവ്യവസായികൾക്കെല്ലാം ഒരു വെല്ലുവിളിയാണ്. നവവത്സരദിനത്തിൽ സമർപ്പിതപങ്കാളിത്തത്തിലേക്കുള്ള ദൈവീക വിളി എന്ന ചിന്തയാണ് നാം ധ്യാനിക്കുന്നത്. യേശുവിന്റെ ജനന വാർത്ത അറിഞ്ഞ ആട്ടിടയന്മാർ തങ്ങൾക്ക് ലഭിച്ച ദൂതിനെ ഒരു ജീവിതാനുഭവമാക്കി തീർക്കുവാൻ ബദ്ധപ്പെട്ടു ചെന്ന് മറിയയേയും യോസഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. അവർ ഒരുമിച്ചു വാർത്ത കേട്ടു. അവർ ഒരുമിച്ച് യാത്ര ചെയ്തു. അവർ ഒരുമിച്ച് ചെന്ന് രക്ഷകനെ കണ്ടു. അവർ ഒരുമിച്ച് ഈ മഹാസംഭവത്തെ പ്രകീർത്തിച്ചുകൊണ്ട് തിരികെ പോയി. സമർപ്പിത പങ്കാളിത്തത്തിന്റെ യഥാർത്ഥ മാതൃകയാണ് നാം ഇവിടെ ദർശിക്കുന്നത്. ജനുവരി 3–ാം തീയതി ഞായറാഴ്ച ബാഹ്യകേരള മിഷൻ ദിനമായി സഭ ആചരിക്കുന്നു. 'രക്ഷയ്ക്കായുള്ള ദൈവീക വെളിപാട്' എന്നതാണ് ധ്യാനവിഷയം. സുവിശേഷപ്രഘോഷണമെന്നത് സഭയുടെ അടിസ്ഥാന ദൗത്യമാണ്. ആ ദൗത്യത്തിൽ അനേകരെ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരുവാനുള്ള ദൈവവിളിയുണ്ട്. ഈ വിളി തിരിച്ചറിയുവാൻ നമുക്ക് കഴിയണം. ജനുവരി 6 ദനഹാ പെരുനാളാണ്. നമ്മുടെ കർത്താവിന്റെ സ്നാപനത്തെക്കുറിച്ച് നാം ചിന്തിക്കുന്നു. യേശു സ്നാപക യോഹന്നാനിൽ നിന്നും ഏറ്റ സ്നാനം മാനവരാശിയോട് താദാത്മ്യം പ്രാപിക്കുവാനുള്ള സ്നാനമായിരുന്നു. അത് സഭയുടെ കൂദാശയായി സ്വീകരിച്ചിരിക്കുന്ന സ്നാനത്തോട് താരതമ്യപ്പെടുത്തുവാൻ കഴിയുകയില്ല. ക്രിസ്തീയ സ്നാനം ക്രിസ്തുവിനോടൊപ്പം ഒരു വ്യക്തി മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേല്ക്കുന്നതിന്റെ അടയാളമാണ്. ജനുവരി 10–ാം തീയതി ഞായറാഴ്ച ലഹരിവിരുദ്ധ ദിനമായി സഭ ആചരിക്കുകയാണ്. ദൈവത്തിന്റെ മന്ദിരമായ ശരീരം ലഹരി ഉപയോഗത്തിലൂടെ സാത്താന്റെ അവയവങ്ങളാക്കി മാറ്റുമ്പോൾ നാം ദൈവഹിതത്തിന്റെ ഭ്രമണപഥങ്ങളിൽ നിന്നും സാത്താന്റെ മായാവലയത്തിലേക്ക് പ്രവേശിക്കുകയാണ്. ഇതിനെതിരായുള്ള ബോധവത്കരണം സഭയുടെ ധർമ്മമാണ്. കേരളാ ഗവൺമെന്റ് 'സുബോധം' പദ്ധതിയിലൂടെ ഇത്തരത്തിലുള്ള ലഹരി വർജ്ജന ബോധവത്കരണശ്രമങ്ങൾ നടത്തുന്നു എന്നത് അഭിനന്ദനാർഹമായ കാര്യമാണ്. ലഹരിവിരുദ്ധ ബോധവത്കരണ സമ്മേളനങ്ങളും പരിപാടികളും ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ ക്രമീകരിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും എന്ന് അറിയിക്കട്ടെ. ജനുവരി 17–ാം തീയതി ഞായറാഴ്ച ഏക ശരീരവും ഏക സ്നാപനവും എന്ന ചിന്തയാണ് നാം ധ്യാനിക്കുന്നത്. തുടർന്ന് 18–ാം തീയതി മുതൽ 25 വരെ ഐക്യ പ്രാർത്ഥനാവാരമായി നാം ആചരിക്കുന്നു. മൂന്ന് നോമ്പാരംഭം 18–ാം തീയതി ആരംഭിക്കുന്നു. പഴയനിയമത്തിൽ യോനാ പ്രവാചകൻ നിനവയോട് ദൈവത്തിന്റെ അരുളപ്പാടും ന്യായവിധിയും അറിയിക്കുമ്പോൾ, അവിടുത്തെ ജനതയും രാജാവുമെല്ലാം അനുതപിച്ച് മാനസാന്തരപ്പെടുവാൻ തയ്യാറായതിനാൽ ദൈവം നിനവക്കാരെ ശിക്ഷാവിധിയിൽ നിന്ന് വിടുവിച്ചു. ഈ അനുതാപവും മാനസാന്തരവും നമ്മുടെ ജീവിതാനുഭവമായിത്തീരണം. ജനുവരി 24 ഞായർ എക്യുമെനിക്കൽ ഞായറായി സഭ വേർതിരിച്ചിരിക്കുന്നു. ക്രിസ്തുസ്നേഹത്തിൽ ഐക്യപ്പെട്ടവരായിത്തീരുവാനുള്ള ആഹ്വാനമാണ് ഈ ദിനത്തിൽ നാം ഉൾക്കൊള്ളുന്നത്.  ജനുവരി 26 ഭാരതത്തിന്റെ റിപ്പബ്ളിക്ക് ദിനമാണ്. ശക്തമായ രാഷ്ട്രം നിലനില്ക്കണമെങ്കിൽ ശക്തമായ ഭരണഘടന അനിവാര്യമാണ്. പ്രഗത്ഭരായ ആളുകൾ രൂപപ്പെടുത്തിയ ശ്രേഷ്ഠമായ ഭരണഘടന ശക്തമായി തുടരണമെങ്കിൽ ഓരോ പൗരനും ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ കൂടി തയ്യാറാകണം. ജനുവരി 31 ഞായറാഴ്ച 'സ്തുതിക്ക് യോഗ്യനായ കർത്താവ്' എന്ന ചിന്ത ധ്യാനിച്ചുകൊണ്ടാണ് ജനുവരി മാസത്തോട് നാം വിട പറയുന്നത്.  ആരാധനയ്ക്കു യോഗ്യൻ ആരാധ്യനായ കർത്താവു മാത്രം. വിദ്വാന്മാർ നക്ഷത്രം കണ്ടതുകൊണ്ട് സന്തോഷിച്ചുവെങ്കിലും അവർ ആരാധിച്ചത് നക്ഷത്രത്തെയല്ല രക്ഷകനായി ജനിച്ച ശിശുവിനെയാണ്.  'സ്തുതിക്ക് യോഗ്യനായവൻ കർത്താവ്' മാത്രമാണെന്ന് വിദ്വാന്മാർ പ്രഖ്യാപിക്കുകയായിരുന്നു. ഈ മാതൃകയാണ് നാം പിന്തുടരേണ്ടത്. പുതുവത്സരത്തിന്റെ വഴികളിലൂടെ നാം നടക്കുമ്പോൾ ദൈവവചനം നമ്മുടെ കാലിനു ദീപവും പാതെയ്ക്കു പ്രകാശവുമായിത്തീരട്ടെ. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക. അവനിൽ തന്നെ ആശ്രയിക്ക. അവൻ അതു നിർവഹിക്കും" (സങ്കീ. 37:5)

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.



പുലാത്തീൻ,
22–12–2015

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**